## ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# വിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ!

عن أبي يحيى صهيب بن سنان رضي الله عنه قَالَ: قَالَ رَسُولُ اللَّهِ صلى الله عليه وسلم : عَجَبًا لأَمْرِ الْمُؤْمِنِ إِنَّ أَمْرَهُ كُلَّهُ لَهُ خَيْرٌ ، وَلَيْسَ ذَلِكَ لأَحَدٍ إِلاَّ لِلْمُؤْمِنِ : إِنْ أَصَابَتْهُ سَرَّاءُ شَكَرَ فَكَانَ خَيْرًا لَهُ ، وَإِنْ أَصَابَتْهُ ضَرَّاءُ صَبَرَ فَكَانَ خَيْرًا لَهُ (رواه مسلم).

**അബൂയഹ്‌യ(റ)യിൽനിന്ന് നിവേദനം. നബി(സ) അരുൾ ചെയ്യുന്നു: 'വിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ! അവന്റെ എല്ലാ കാര്യങ്ങളും അവന് ഗുണകരമായി ഭവിക്കുന്നു, സത്യവിശ്വാസിക്കല്ലാതെ മറ്റാർക്കും അത് ലഭ്യമല്ല. സന്തോഷകരമായ കാര്യമാണ് സംഭവിക്കുന്നതെങ്കിൽ അവൻ അല്ലാഹുവിന് നന്ദി രേഖപ്പെടുത്തും. അപ്പോൾ അവനത് നേട്ടമായി ഭവിക്കുന്നു. ഇനി പ്രയാസമാണ് വന്നെത്തിയതെങ്കിൽ ക്ഷമയവലംബിക്കുന്നു. അങ്ങനെ അതും അവന് നേട്ടമായിത്തീരുന്നു' (മുസ്‌ലിം).**

വിശ്വാസിയുടെ പരമലക്ഷ്യം മരണാനന്തര ജീവിതത്തിൽ ശാശ്വതസ്വർഗം നേടിയെടുക്കുക തന്നെയാണ്. എന്നാൽ പ്രശ്നസങ്കീർണമായ ഭൗതിക ജീവിതത്തെക്കൂടി സമാധാനദായകമാക്കാൻ വിശ്വാസം ഒരാളെ എങ്ങനെ സജ്ജമാക്കുന്നു എന്ന് കാട്ടിത്തരുന്ന പ്രവാചക വചനമാണിത്. പ്രശ്ന സങ്കീർണതകളുടെ വേലിയേറ്റം കണ്ട് പകച്ചുനിൽക്കാതെ, അതിലേക്കിറങ്ങിച്ചെന്ന് സമാധാനപൂർണമായ വഴിയിലേക്ക് ജനങ്ങളെയും ലോകത്തെയും തിരിച്ചുനടത്താൻ അധ്വാനിക്കലാണല്ലോ സത്യവിശ്വാസിയുടെ ഉത്തരവാദിത്തം. അതിന്റെ പ്രതിഫലമാണ് പരലോകത്ത് ലഭിക്കുന്ന സ്വർഗം.

സങ്കീർണതകളും മാനസിക പിരിമുറുക്കങ്ങളുമില്ലാത്ത, സമാധാനചിത്തരായി ജീവിക്കാൻ കഴിയുന്ന ഭൗതിക സാഹചര്യം കൂടി ഒരുക്കിത്തരാമെന്നാണല്ലോ, അതിനായി ഞങ്ങളോടണിചേരൂ എന്നാണല്ലോ, സത്യവിശ്വാസികൾ ജനങ്ങളോടാവശ്യപ്പെടുന്നത്. എന്നിട്ട് ഈ വിശ്വാസികൾ തന്നെ പിരിമുറുക്കത്തിലായാലോ? അതിനാൽ, ഏതവസ്ഥയിലും മനസ്സിടറാതെ, എല്ലാം തരണം ചെയ്ത് സമാധാനചിത്തരായി ദൗത്യനിർവഹണത്തിൽ ഉറച്ചുനിൽക്കാൻ സത്യവിശ്വാസികൾക്ക് കഴിയേണ്ടതുണ്ട്. ഇവിടെയാണ് വിശ്വാസിയുടെ കരുത്തു കാണേണ്ടത്. വിശ്വാസിക്കേ ഇത് സാധിക്കൂ. മറ്റുള്ളവരെല്ലാം പതറും, അവരെത്ര ഉന്നതരാണെങ്കിലും. പ്രശ്നങ്ങൾക്ക് മുമ്പിൽ മനസ്സിടറുന്നതിനാലാണ് പിരിമുറുക്കത്തിൽനിന്ന് മുക്തിയന്വേഷിച്ച് അവർ മയക്കുമരുന്നിൽ അഭയം തേടുന്നത്. ഈ ലോകത്ത് ഏറ്റവും വിലപിടിപ്പുള്ള ഉരുപ്പടി മാരകമായ മയക്കുമരുന്നാവുന്നത് അതുകൊണ്ടാണ്. എന്നാൽ സത്യവിശ്വാസിക്കൊരിക്കലും ഈ ദുർഗതിയുണ്ടാവുകയില്ല. മയക്കുമരുന്നിന് ഒരു പൈസ പോലും അവന്റെ ബജറ്റിൽ നീക്കിവെക്കേണ്ടിവരില്ല. പിരിമുറുക്കത്തിന് അവന്റെ മനസ്സിലൊരിക്കലും ഇടം ലഭിക്കില്ല. ഏതു പ്രതിസന്ധിയും സമചിത്തതയോടെയും പുഞ്ചിരിയോടെയും നേരിടാനുള്ള മനക്കരുത്ത്, കിട്ടിയതിൽ മതിവരാതെ ദുരാഗ്രഹങ്ങൾക്ക് പിന്നാലെ പോയി ദുരന്തത്തിലകപ്പെടുന്നതിന് പകരം കിട്ടിയ അനുഗ്രഹത്തിൽ സംതൃപ്തനായി പരമദയാലുവായ നാഥനോട് നന്ദി പറയുന്ന സത്യവിശ്വാസി, പ്രതിസന്ധികളെ പരീക്ഷണമായി കണ്ട് 'ക്ഷമ സ്വർഗത്തിന്റെ താക്കോലാണ്'എന്ന ബോധ്യത്താൽ ആഹ്ലാദഭരിതനായി..... അങ്ങനെ ഏതവസ്ഥയെയും സമാധാനത്തിനുള്ള മുതൽക്കൂട്ടായി കാണുന്ന സത്യവിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ. സത്യവിശ്വാസിക്കല്ലാതെ മറ്റാർക്കും ഇത് ലഭ്യമല്ല.

ഇത് വല്ലാത്ത അത്ഭുതം തന്നെ! എക്കാലവും എത്ര വലിയ ശത്രുവിനെയും പരാജയപ്പെടുത്തിയ അത്ഭുതം. ദൈവദൂതന്മാരുടെയും സച്ചരിതരായ അനുയായികളുടെയും സംഭവകഥകളിലേക്ക് വിശുദ്ധ ഖുർആനും തിരുവചനങ്ങളും വെളിച്ചം കാണിക്കുന്നുണ്ട്:

ക്രൂരനായ ഫറോവ ചക്രവർത്തി 'നിങ്ങളുടെ കൈകാലുകൾ എതിർദിശയിൽ ഛേദിച്ച് ഈത്തപ്പനത്തടിയിൽ ഞാൻ ക്രൂശിക്കും' എന്നാക്രോശിച്ചപ്പോൾ 'താങ്കൾ വിധിക്കുന്നതെന്തും വിധിച്ചോളൂ. ഈ ഭൗതിക ജീവിതത്തിലല്ലേ താങ്കൾക്ക് വിധിക്കാനാകൂ, ഞങ്ങൾ ഞങ്ങളുടെ നാഥനിൽ വിശ്വസിച്ചിരിക്കുന്നു' ഇതായിരുന്നു നവവിശ്വാസികൾ നിർഭയം, ശാന്തമായി പ്രതികരിച്ചത്. ക്രൂരമർദനമേറ്റ് ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുമ്പോഴും പ്രതീക്ഷാനിർഭരമായ മനസ്സോടെ 'നാഥാ, സ്വർഗത്തിൽ നിന്റെയടുത്ത് ഒരു ഭവനം പണിതുതന്നാലും' എന്നായിരുന്നല്ലോ ഫറോവ പത്നിയുടെ പ്രാർഥന. അങ്ങനെ എത്രയെത്ര അത്ഭുത സംഭവങ്ങൾ!

എന്തിന് പഴയ ഫറോവയുടെ കാലത്തേക്ക് പോകണം. പുതിയ ഫറോവമാരുടെ കാലത്തുമിതാ വിശ്വാസികളുടെ അത്ഭുത വൃത്താന്തങ്ങൾ. കഴിഞ്ഞ നൂറ്റാണ്ടിൽ ഇസ്‌ലാമിക നവോത്ഥാന സംരംഭങ്ങൾക്ക് അടിത്തറ പാകിയ കാലം തൊട്ടാരംഭിച്ച് ഇന്നേവരെ തുടർന്നുവ

രുന്ന, അന്നാട്ടിലെ വിശ്വാസികൾ അനുഭവിച്ചുവരുന്ന യാതനകളുടെയും പീഡനങ്ങളുടെയും പരീക്ഷണങ്ങളുടെയും കഥകളറിഞ്ഞാൽ, വിശ്വാസം വരുത്തുന്ന അത്ഭുതകരമായ മാറ്റം ബോധ്യമാകും. മാറിമാറിവരുന്ന ഭരണകൂടങ്ങൾ, ബാഹ്യ ദുഃശ്ശക്തികളുടെ ഒളിഞ്ഞും തെളിഞ്ഞുമുള്ള ഒത്താശയോടെ നടത്തിയ മാനസികവും ശാരീരികവുമായ നിരന്തര പീഡനങ്ങളെ നിരന്തരം ചെറുത്തുനിൽക്കാനുള്ള മനക്കരുത്ത് സത്യവിശ്വാസത്തിൽനിന്നല്ലാതെ മറ്റെവിടന്ന് ലഭിക്കാനാണ്? തടവിലാക്കപ്പെട്ടിരുന്ന ഒരു മഹതിയുടെ 'ജയിലനുഭവങ്ങൾ' മാത്രം വായിച്ചാൽ മതി സത്യവിശ്വാസികളനുഭവിച്ച പീഡനമുറകളുടെ ഏകദേശചിത്രം ലഭിക്കാൻ. ലോകോത്തര ഇസ്‌ലാമിക പണ്ഡിതന്മാരെയും ഗ്രന്ഥകാരന്മാരെയുമടക്കം എത്രയെത്ര സത്യവിശ്വാസികളെയാണവർ പരസ്യമായിത്തന്നെ തൂക്കിലേറ്റിയത്, ഇന്നും തൂക്കിലേറ്റിക്കൊണ്ടിരിക്കുന്നത്! ഒരു കടലാസ് തുണ്ടിൽ ഒന്നു മാപ്പെഴുതിത്തന്നാൽ മോചിപ്പിക്കാമെന്ന ഓഫർ എത്ര പുഛത്തോടെ തള്ളിയിട്ടാണവർ പുഞ്ചിരിയോടെ തൂക്കുമരത്തിലേക്ക് നടന്നുനീങ്ങിയത്! വിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ!

'സത്യവിശ്വാസിക്ക് മാത്രമേ ഇത് ലഭിക്കൂ.' യഥാർഥ സത്യവിശ്വാസിക്ക് മാത്രം, ഏതെങ്കിലും ജാതിയിലോ മതത്തിലോ ജനിച്ചതുകൊണ്ടുമാത്രം ലഭിക്കുന്നതല്ല ഈ മഹാസൗഭാഗ്യം. പൈതൃകമായി കിട്ടിയ ആചാരാനുഷ്ഠാനങ്ങൾ നിർവഹിച്ചതുകൊണ്ട് ലഭിക്കുന്നതുമല്ല ഇത്. അല്ലാഹു പറയുന്നതു നോക്കൂ: ''നിശ്ചയം വിശ്വസിച്ചവരോ ജൂതന്മാരോ ക്രിസ്ത്യാനികളോ സാബിഉകളോ ആരുമാവട്ടെ, അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും അതിന്നനുസൃതമായി നല്ല പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തവർക്ക് അവരുടെ രക്ഷിതാവിങ്കൽ പ്രതിഫലമുണ്ട്. അവർക്ക് ഭയപ്പെടാനില്ല, ദുഃഖിക്കാനുമില്ല'' (*അൽബഖറ:* 62).

എത്ര വ്യക്തം! മുഹമ്മദ് നബിയുടെയോ മുൻ പ്രവാചകന്മാരുടെയോ അനുയായികളാകട്ടെ, മറ്റാരാകട്ടെ അല്ലാഹുവിലും അന്ത്യദിനത്തിലുമുള്ള യഥാർഥ വിശ്വാസമുൾക്കൊള്ളുകയും ആ വിശ്വാസത്തിന്റെ തേട്ടമനുസരിച്ച് പ്രവർത്തിക്കുകയും ചെയ്തെങ്കിലേ പ്രവാചക വചനത്തിൽ പറഞ്ഞ വിശ്വാസിക്കുള്ള, ഭയമോ ദുഃഖമോ ഇല്ലാത്ത വിസ്മയാവസ്ഥ ഉണ്ടാകൂ എന്നു തന്നെയല്ലേ ഈ ഖുർആൻ സൂക്തം വ്യക്തമാക്കുന്നത്.

സ്രഷ്ടാവും ഉടമസ്ഥനും രക്ഷിതാവും സംരക്ഷകനും സ്തുത്യർഹനും സന്മാർഗദായകനും വിധികർത്താവും ഏകനായ അല്ലാഹുമാത്രം. മറ്റുള്ളവരെല്ലാം നിസ്സഹായരും നിരാലംബരും ആശ്രിതരും, ഏകനായ നാഥന്റെ അനുഗ്രഹത്തിന് കേഴുന്നവരും. ഈയൊരു ഉറച്ച ബോധ്യം അല്ലാഹുവല്ലാത്ത സകല ശക്തികളെയും നിരാകരിക്കാനും ഏകനായ അല്ലാഹുവിന്റെ മാത്രം അടിമയായി അവന്റെ ദൂതൻ വഴി ലഭിച്ച സത്യമാർഗത്തെ മാത്രം അംഗീകരിക്കാനും വിശ്വാസിയെ പ്രാപ്തനാക്കുന്നു. ശാശ്വതമായ ജീവിതം മരണാനന്തര ജീവിതമാണെന്നും നശ്വരമായ ഭൗതിക ജീവിതത്തിൽ തന്റെ ജീവനടക്കം എല്ലാം പാരത്രിക മോക്ഷത്തിനും ദൈവപ്രീതിക്കും വേണ്ടി സന്തോഷപൂർവം സമർപ്പിക്കാൻ സന്നദ്ധമാണെന്നും പ്രഖ്യാപിച്ചവനാണ് വിശ്വാസി. നിസ്വാർഥനും ഉള്ളതിൽ സംതൃപ്തനുമായ ഈ വിശ്വാസിക്ക് അല്ലാഹു നൽകിയ ഓരോ അനുഗ്രഹവും വലുതാണ്. ഓരോന്നിനും അല്ലാഹുവിനെ സ്തുതിച്ച്, നന്ദിപറഞ്ഞ്, ഉപകാരം ചെയ്തവരോടെല്ലാം നന്ദി രേഖപ്പെടുത്തി, ഏത് വിപത്തും നിസ്സാരമായി കണ്ട്, പരലോകപ്രതിഫലമോർത്ത് ക്ഷമിച്ച്, നാനാഭാഗത്തു നിന്നും ആർത്തിരമ്പിവന്ന് ചുറ്റും വളഞ്ഞുനിൽക്കുന്ന സായുധരായ സഖ്യസേനക്ക് നടുവിലും വിശ്വാസവും സമാധാനവും വർധിക്കുന്ന വിശ്വാസി.

വിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ!!

●